ഉത്തരം

(എ-സി) 1999-2000-ലെ താൽകാലിക വാർഷിക കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന ചെലവ് 220 പൈസയും വില്പന വില 187 പൈസയുമായിരിക്കുമെന്നുമാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) വൈദ്യുതിയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) 2000-2001-ലെ കണക്കുകൾ തയ്യാറാക്കിയാലേ ശരിയായ രൂപം വ്യക്തമാകുകയുള്ളൂ.

(ജി) വൈദ്യുതി ബോർഡിനെ 3 ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുവാൻ വൈദ്യുതി നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇത് ബോർഡിനെ വിഭജിക്കലല്ല. വൈദ്യുതി ബോർഡ് ഒരു പൊതുമേഖലാ സ്ഥാപനമായിതന്നെ നിലകൊള്ളും. ഓരോ ലാഭകേന്ദ്രത്തിനും അതാതിന്റെ നിക്ഷേപത്തിന്റെ 16 ശതമാനം ലാഭം ഉണ്ടാക്കാൻ നിഷ്ക്കർഷിച്ചിട്ടില്ല. ബോർഡിന് മൊത്തം പരമാവധി ഇക്വിറ്റിയുടെ 6 ശതമാനം വരെ ലാഭമുണ്ടാക്കണമെന്നാണ് വ്യവസ്ഥ.

(എച്ച്) ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ഇ.ബി.യുടെ നഷ്ടം

100 (325) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യുച്ഛക്തി ബോർഡ് ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) നഷ്ടത്തിലാണെങ്കിൽ നിലവിലുള്ള നഷ്ടം എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രതിദിനം എന്തു നഷ്ടം ബോർഡിന് ഉണ്ടാകുന്നുണ്ട് എന്ന കാര്യം വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; ഇതുവഴി എന്ത് അധിക വരുമാനം പ്രതിവർഷം കെ.എസ്.ഇ.ബി.ക്ക് ലഭിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 1999-2000-ലെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് ബോർഡിന്റെ ലാഭം 44.13 കോടി രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 16-8-1995-ലെ സർക്കാർ ഉത്തരവനുസരിച്ച് സർക്കാരിൽ നിന്നും ലാഭമാകുമെന്ന് പ്രതീക്ഷിക്കുന്ന 332.37 കോടി രൂപയുടെ സബ്സിഡി കൂടി കണക്കിലെടുത്താണ് ലാഭം കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഡി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഇ) 1-2-1997 മുതലും 15-5-1999 മുതലും രണ്ടു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 1-2-1997 മുതൽ നിലവിൽ വന്ന താരിഫ് പരിഷ്ക്കരണം മുഖാന്തരം ലഭിച്ച അധിക വരുമാനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1997-98	1998-99
222 കോടി	322 കോടി

15-5-1999 മുതൽ നിലവിൽ വന്ന താരിഫ് പരിഷ്ക്കരണം മുഖാന്തരം 1999-2000-ലെ താൽക്കാലിക കണക്കുപ്രകാരം 293.99 കോടി രൂപയുടെ അധിക വരുമാനം വന്നതായി കണക്കാക്കിയിരിക്കുന്നു.

കെ.എസ്.ഇ.ബിയുടെ പ്രതിദിന നഷ്ടം

101 (326) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബിയുടെ പ്രതിദിന നഷ്ടം എത്ര രൂപയാണ് ;

(ബി) ഒരുമാസം എത്ര രൂപയാണ് കെ.എസ്.ഇ.ബി.ക്ക് നഷ്ടമുണ്ടാകുന്നത് ;

(സി) ഈ നഷ്ടത്തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) 1996-97 മുതൽ 2001 ജനുവരി 31 വരെ ഓരോ വർഷവും എത്ര രൂപയാണ് പലിശയായി സർക്കാരിന് കെ.എസ്.ഇ.ബി. ചെലവ് എഴുതിയിട്ടുള്ളത് ;

(ഇ) പ്രസ്തുത ചെലവെഴുതിയ തുക സർക്കാരിൽ ബോർഡ് ഒടുക്കിയിട്ടുണ്ടോ ;

(എഫ്) 2001 ജനുവരി 31 വരെ പലിശ ഇനത്തിൽ കെ.എസ്.ഇ.ബി. എത്ര കോടി രൂപ സർക്കാരിന് കുടിശ്ശിക അടയ്ക്കാനുണ്ട്; വിശദമാക്കാമോ ;

ഉത്തരം

(എ&ബി) ബോർഡിന്റെ 1999-2000-ലെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് ബോർഡിന്റെ ലാഭം 44.13 കോടി രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 16-8-95-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 332.37 കോടി രൂപയുടെ സബ്സിഡി കൂടി കണക്കിലെടുത്താണ് പ്രസ്തുത ലാഭം കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly